LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിന്റെ ഭൂമി ലഭിക്കുന്നതിന് നടപടി

281 (285) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വാഴക്കോട് ഭാഗത്തെ അപകടകരമായ വളവ് ഒഴിവാക്കിക്കിട്ടുന്നതിന് വനം വകുപ്പിന്റെ ഭൂമി ലഭിക്കുവാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അപേക്ഷ എന്നാണ് ലഭിച്ചതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത ഭൂമി വിട്ടുകൊടുക്കുന്നതിന് അപേക്ഷ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. എന്നാൽ ഭേദഗതി വരുത്തിയ വനസംരക്ഷണ നിയമത്തിന്റെയും റൂളിന്റെയും അടിസ്ഥാനത്തിൽ ഓൺലൈൻ അപേക്ഷ നൽകേണ്ടതായിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

(ബി) തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും 20-10-2014-ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തൃശ്ശൂരിന് അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ 15-7-2014 മുതൽ അപേക്ഷകൾ ഓൺലൈനായി നൽകേണ്ടതുള്ളതിനാൽ പ്രസ്തുത വിവരം യൂസർ ഏജൻസിയെ അറിയിച്ചുവെങ്കിലും ഓൺലൈനായി അപേക്ഷ ഇതുവരെ സമർപ്പിച്ചിട്ടില്ല.

(സി) (ബി)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

വനം വകുപ്പിന്റെ കീഴിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ

282 (286) ശ്രീ. കെ. അജിത് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പൊതുജനങ്ങൾക്ക് പ്രവേശനമുള്ള വനം വകുപ്പിന്റെ കീഴിലെ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിനോദ സഞ്ചാരകേന്ദ്രങ്ങളിൽനിന്നും കഴിഞ്ഞവർഷം ലഭിച്ച വരുമാനം ഇനം തിരിച്ച് വിശദമാക്കുമോ ;

(സി) ഓരോ വിനോദ സഞ്ചാരകേന്ദ്രവുമായി ബന്ധപ്പെട്ട് മുൻ വർഷം വന്ന ചെലവുകൾ പ്രത്യേകം വ്യക്തമാക്കുമോ ?